**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3471** **26-06-2024 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി മണ്ഡലത്തിലെ റെയിൽവേ മേൽപ്പാലങ്ങൾക്ക് സ്ഥലമെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി മണ്ഡലത്തിലെ കടുത്തുരുത്തി, കുറുപ്പന്തറ, കോതനല്ലൂർ റെയിൽവേ മേൽപ്പാലങ്ങളുടെ സ്ഥലമെടുപ്പ് നടപടികളുടെ ഇതുവരെയുള്ള പുരോഗതി വിശദീകരിക്കാമോ; | (എ) | 1.കടുത്തുരുത്തി ROB (LC No-21)<br><br>കടുത്തുരുത്തി ROB നിർമ്മാണത്തിനു വേണ്ടിയുള്ള സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് 11(1) നോട്ടിഫിക്കേഷൻ അംഗീകരിച്ച് 20.06.2024-ന് ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br><br>2.കുറുപ്പന്തറ ROB (LC No-22)<br><br>എൽ.എ.ആർ.ആർ ആക്ട് 2013 പ്രകാരമുള്ള 11(1) വിജ്ഞാപനം, 19(1) വിജ്ഞാപനം എന്നിവ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 68 അവാർഡുകൾ ഉള്ളതിൽ 63 അവാർഡുകൾ അംഗീകരിച്ചിട്ടുണ്ട്. ടി സ്ഥലമെടുപ്പ് നടപടികൾക്ക് എതിരെ ശ്രീ.കെ.ജെ. ജെയിംസ്, കണ്ടാരപ്പള്ളിൽ, ശ്രീ.അലക്സ്, തയ്യിൽ എന്നിവർ ഫയൽ ചെയ്ത 18680/2021 നമ്പർ റിട്ട് ഹർജിയിന്മേൽ ബഹു. കേരളാ ഹൈക്കോടതി 08.12.2022 ന് പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ “Parties to maintain status quo” എന്ന് ഉത്തരവായിട്ടുള്ളതും 23/05/2023-ലെ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറുടെ നിയമോപദേശത്തിൽ ഇടക്കാല ഉത്തരവിൽ വ്യക്തത വരുത്താത്ത പക്ഷം, ബാക്കിയുള്ള കേസുകളിൽ അവാർഡ് പാസാക്കുന്നതും ഹർജിക്കാർ ഒഴികെയുള്ള ഭൂവുടമകൾക്ക് അവാർഡ് വിതരണം ചെയ്യുന്നതും ഉൾപ്പെടെയുള്ള തുടർനടപടികളൊന്നും സ്വീകരിക്കാൻ പാടില്ല എന്ന് അറിയിച്ചിട്ടുണ്ട്.<br><br>3. കോതനല്ലൂർ ROB (LC No-23)<br><br>എൽ.എ.ആർ.ആർ ആക്ട് 2013 പ്രകാരമുള്ള 11(1) വിജ്ഞാപനം 21/03/2023-ലെ ഗസറ്റ് നമ്പർ 1030 പ്രകാരവും തിരുത്തൽ വിജ്ഞാപനം 27/03/2023 ലെ ഗസറ്റ് നമ്പർ 1149 പ്രകാരവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. 19(1) പ്രഖ്യാപനം പ്രസിദ്ധീകരിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | 20/09/2024 വരെ സമയ പരിധി ദീർഘിപ്പിച്ചിട്ടുണ്ട്. സർവ്വെ നടപടികൾ പൂർത്തീകരിച്ച് എൽ.എ സബ് ഡിവിഷൻ സ്കെച്ച് അംഗീകരിച്ച് ലഭിച്ചിട്ടുള്ളതും BVR തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയുമാണ്. |
| (ബി) | കടുത്തുരുത്തി ആർ.ഒ.ബി. യുടെ സോഷ്യൽ ഇമ്പാക്ട് അസ്സെസ്സ്മെന്റ് സ്റ്റഡി ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ; ഇതുസംബന്ധിച്ച് വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തി അവരുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. കടുത്തുരുത്തി ROB നിർമ്മാണത്തിനു വേണ്ടിയുള്ള സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തിക്കൊണ്ടുള്ള വിദഗ്ദ സമിതിയുടെ ശുപാർശയിൻമേൽ തീരുമാനം കൈക്കൊണ്ട് തുടർ നടപടികൾ സ്വീകരിക്കുന്നതിന് അനുമതി നൽകി 22/03/2024 ന് ഉത്തരവായിട്ടുണ്ട്. |
| (സി) | പ്രസ്തുത മേൽപ്പാലത്തിന്റെ 11(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; ഈ റെയിൽവേ മേൽപ്പാലത്തിന്റെ സ്ഥലമെടുപ്പിനുണ്ടായ പ്രധാന തടസ്സങ്ങൾ വിശദീകരിക്കാമോ; | (സി) | വൈക്കം താലൂക്കിൽ കടുത്തുരുത്തി, മുട്ടുചിറ വില്ലേജുകളിലെ 40.78 ആർ വസ്തു എൽ.എ.ആർ.ആർ ആക്ട് 2013 പ്രകാരം ഏറ്റെടുക്കുന്നതിനായി 11(1) നോട്ടിഫിക്കേഷൻ 20.06.2024-ന് ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | കോതനല്ലൂർ ആർ.ഒ.ബി.യുടെ വാല്യൂവേഷൻ നടപടികൾ ഏതുവരെയായി എന്ന് വിശദമാക്കാമോ; ആയത് അംഗീകരിച്ചിട്ടുണ്ടോ? | (ഡി) | സർവ്വെ നടപടികൾ പൂർത്തീകരിച്ച് എൽ.എ സബ് ഡിവിഷൻ സ്കെച്ച് അംഗീകരിച്ച് ലഭിച്ചിട്ടുള്ളതും BVR തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. |

സെക്ഷൻ ഓഫീസർ